# AMRITA VIDYALAYAM
## HALF YEARLY EXAMINATION 2017 - '18

**Class : X** **Marks : 80**
**Time : 3 hrs**

# മലയാളം

എ വിഭാഗം – 10 മാർക്ക്
ബി വിഭാഗം – 16 മാർക്ക്
സി വിഭാഗം – 17 മാർക്ക്
ഡി വിഭാഗം – 37 മാർക്ക്

## എ വിഭാഗം

**1. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.** **10**

സങ്കീർണ്ണത നിറഞ്ഞ ലോകത്തിലാണു നാം ജീവിക്കുന്നത്. സൃഷ്ടിയുടെ മാഹാത്മ്യം നമ്മെ വിസ്മയിപ്പിക്കുന്നു. അതിന്റെ അനന്തതയും വൈവിധ്യവും സൗന്ദര്യവും അതിനെപ്പറ്റി എത്രകണ്ട് അറിയുവാൻ നാം ശ്രമിക്കുന്നുവോ അത്രകണ്ടായിരിക്കും ജീവിതം ആസ്വദിക്കുന്നതിനുള്ള ആസക്തി നമ്മിൽ കൂടിവരിക. അതു വർദ്ധിക്കുന്തോറും ശാന്തി കൈവരുത്തുവാനുള്ള മാർഗ്ഗവും തെളിഞ്ഞുകാണും.

അന്ധയും ബധിരയും ഊമയുമായ അമേരിക്കക്കാരി ഹെലൻകെല്ലറെപ്പറ്റി കേട്ടിട്ടില്ലേ? "എന്താണ് ഒരാൾക്കു നേരിടുവാനിടയുള്ള ഏറ്റവും വലിയ ആപത്ത്? എന്ന ചോദ്യത്തിന് "കണ്ണുണ്ടായിട്ടും കാണാതിരിക്കുന്നതാണ് മനുഷ്യന് സംഭവിക്കാവുന്ന ഏറ്റവും വലിയ നിർഭാഗ്യം" എന്നായിരുന്നു അവരുടെ മറുപടി.

ഊർജ്ജസ്വലതയോടെ ജീവിക്കലും "ചത്തതിനൊക്കുമേ ജീവിച്ചിരിക്കലും" എന്ന മട്ടിൽ കഴിഞ്ഞുകൂടലും തമ്മിൽ വലിയ അന്തരമുണ്ട്. എന്താണ് ഊർജ്ജസ്വലതയോടെ ജീവിക്കുക എന്നു പറയുമ്പോൾ നാം വിവക്ഷിക്കുന്നത്? സൃഷ്ടിപരമായ പ്രവൃത്തികളിൽ ഏർപ്പെടുമ്പോൾ ഊർജ്ജസ്വലതയോടെ ജീവിക്കുകയാണെന്നു പറയാം.

ഗ്രന്ഥനിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുമ്പോഴും ഒരു ചിത്രം വരയ്ക്കുമ്പോഴും വിഷമമേറിയ ഒരു പ്രശ്നത്തിന്റെ പരിഹാരത്തെപ്പറ്റി ചിന്തിക്കുമ്പോഴും നാം ഊർജ്ജസ്വലതയോടെ ജീവിക്കുകയാണ്. അവനവൻ ചെയ്യേണ്ട പ്രവൃത്തി അത് എന്തുതന്നെയായാലും കൃത്യനിഷ്ഠതയോടെ നിർവ്വഹിക്കുമ്പോഴും സ്ഥിതി ഇതുതന്നെയാണ്. കലാപരമായ പ്രവൃത്തികളിൽ ഏർപ്പെടുമ്പോൾ നമുക്കു് ഒരുന്മേഷവും ഉത്സാഹവും തോന്നാതിരിക്കില്ല. നല്ലൊരു കളി കാണുക, നല്ലൊരു ഗ്രന്ഥം വായിക്കുക, പലതരത്തിലുള്ള പൂച്ചെടികൾ ഉദ്യാനത്തിൽ നട്ടുവളർത്തുക – ഇതെല്ലാം ചെയ്യുമ്പോൾ ജീവിതം തികച്ചും ആസ്വദിക്കുന്നതായി നമുക്ക് അനുഭവപ്പെടും.

**ചോദ്യങ്ങൾ.**

a) ഈ ലോകത്തിന്റെ ഏതേത് അവസ്ഥകളാണ് നമ്മിൽ വിസ്മയം ജനിപ്പിക്കുന്നത്?
b) ഊർജ്ജസ്വലതയോടെ ജീവിക്കുന്ന ഒരു ജീവിതത്തിന്റെ സവിശേഷതകൾ എന്തെല്ലാം?
c) തന്നോടുള്ള ചോദ്യത്തിന് ഹെലൻകെല്ലറുടെ മറുപടി എന്തായിരുന്നു?
d) ജീവിതം ആസ്വദിക്കുന്നതായി നമുക്കനുഭവപ്പെടുന്നത് ഏതേതു സന്ദർഭങ്ങളിലാണ്?
e) ഈ ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം നല്കുക.

## ബി വിഭാഗം

**2.**a) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക. **8**

i) 'ഉയർച്ചയുടെ പടവുകൾ മൂല്യാധിഷ്ഠിത ജീവിതത്തിലൂടെ.'

ii) 'നഗരവത്കരണവും പാരിസ്ഥിതിക പ്രശ്നങ്ങളും.'

iii) 'സ്ത്രീസുരക്ഷയും അവസരസമത്വവും രാജ്യപുരോഗതിക്കനിവാര്യം.'

b) നിങ്ങളുടെ നാട്ടിൽ വർഷങ്ങളായി ഉപയോഗിക്കുന്ന ഒരു കുളം ചില സ്വാർത്ഥതാത്പര്യക്കാർ മണ്ണിട്ടു നികത്താൻ ശ്രമിക്കുന്നതു തടയണമെന്നാവശ്യപ്പെട്ട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന് ഒരു കത്തു തയ്യാറാക്കുക. **8**

## സി വിഭാഗം

**3.**a) പ്രയോഗം മാറ്റുക. **1**

ഞാൻ ആദ്യമായിട്ടാണ് ചപ്പുചവറുകൾ പെറുക്കാൻ പോയത്.

b) അംഗവാക്യം, അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക.

അയാൾ വീട്ടിലെത്തുന്നതിനു മുൻപേതന്നെ അയാൾക്കു കടം കൊടുത്തവർ വീട്ടിലെത്തിയിരിക്കും. **1**

c) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക

കുട്ടികളുടെ ഭാവനാസങ്കല്പമനുസരിച്ച് നായകന്റെ കഥയുടെ ഏതു രംഗവും പരിപോഷിപ്പിച്ച് പുഷ്ടിപ്പെടുത്താം. **1**

d) പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക. **2**

i) മോക്ഷാർത്ഥി ii) വഴിയില്ലായിരുന്നു

e) വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക. **2**

i) പുഴമണൽത്തിട്ടുകൾ ii) രാജ്യദേഹാദി

**4. ബ്രാക്കറ്റിൽനിന്നും ശരിയായ ഉത്തരം എടുത്തെഴുതുക**

a) പര്യായപദങ്ങൾ എഴുതുക. **2**

i) പകൽ (അഹസ്സ്, ഉഷസ്സ്, വാസരം, സാദരം)

ii) വെയിൽ (ദ്യോവ്, ദ്യോതം, ആപതം, ആതപം)

b) വിപരീതപദമെഴുതുക. **2**

i) വിയോഗം (യോഗം, അവിയോഗം, സംയോഗം, നിയോഗം)

ii) രഹിതം (ഹിതം, അഹിതം, വിഹിതം, സഹിതം)

c) നാനാർത്ഥപദമെഴുതുക **2**

i) കാഷ്ഠം (വിസർഗ്ഗം, വിസർജ്ജ്യം, മരക്കഷ്ണം, ലോഹക്കഷ്ണം)

ii) പണി (ജോഡി, ജോലി, ഏർപ്പാട്, കഷ്ടപ്പാട്)

d) അർത്ഥവ്യത്യാസം എഴുതുക. **2**

i) ഓതം – ഓരം (കനവ്, നനവ്, വശം, കുശം)

ii) ഗളം – ഗരം (വിത്തം, വിഷം, തൊഴുത്ത്, കഴുത്ത്)

e) എതിർലിംഗപദം എഴുതുക. **2**

i) ഹന്ത്രി (ഹന്ത്രിണി, ഹന്ത്ര, ഹന്താവ്, ഹന്ത്രിനി)

ii) അപരിചിതൻ (പരിചിത, സുപരിചിത, വിപരിചിത, അപരിചിത)

## ഡി വിഭാഗം

**5. ബ്രാക്കറ്റിൽ നിന്ന് ശരിയായ ഉത്തരം എടുത്തെഴുതുക. 5**

a) ശ്രീരാമൻ ലക്ഷ്മണനെ സംബോധന ചെയ്തതിൽ തെളിയുന്ന ഭാവം ഏത്?
(കോപം, വാത്സല്യം, വെറുപ്പ്, ഭയം)

b) 'വീടാത്ത കടങ്ങൾ പടച്ചവന്റെ സൂക്ഷിപ്പുകളാണ്' ആരുടേതാണീ വാക്കുകൾ?
(മുത്തുരാവുത്തർ, വെള്ളായിയപ്പൻ, കുട്ട്യേസൻ മാപ്പിള, നീലിമണ്ണാത്തി)

c) 'അർക്കമാശി' ഏതു സാഹിത്യവിഭാഗത്തിൽപ്പെടുന്നു?
(നോവൽ, ആത്മകഥ, ജീവചരിത്രം, കഥാസമാഹാരം)

d) 'ആലോലചേതസാ ഭോഗങ്ങൾ തേടുന്നു' ഭോഗങ്ങൾ തേടുന്നത് ആര്?
(നദ്യാമൊഴുകുന്ന കാഷ്ഠങ്ങൾ, ചക്ഷുശ്രവഗളസ്ഥമാം ദർദുരം, കാലാഹിനാ പരിഗ്രസ്തമാം ലോകം, വഹ്നിസന്തപ്ത ലോഹസ്ഥാംബുബിന്ദു)

e) 'ദിവസം മുഴുവനും അലഞ്ഞു നടന്ന് വാരിക്കൂട്ടുന്ന ചവറിന്റെ തുക്കവും വിലയുമെങ്കിലുമുണ്ടോ ഞങ്ങളെപ്പോലുള്ള മനുഷ്യർക്ക്?' ആരുടെ വാക്കുകളാണിത്?
(ഹീരെ മറ്, കുമാർമാമ, ലിംബാളെ, സന്താമയി)

f) ഇതിഹാസത്തിന്റെ ഇതിഹാസം ആരുടെ കൃതിയാണ്?
(ലിംബാളെ, തുഞ്ചത്തെഴുത്തച്ഛൻ, ഒ.വി. വിജയൻ, കുട്ടിക്കൃഷ്ണമാരാർ)

g) 'മാനസതാരിൽ നിരൂപിച്ചതും തവ' ഇവിടെ ലക്ഷ്മണൻ നിരൂപിച്ചതെന്ത്?
(വനത്തിൽ പോകുന്നതിന്, ജ്ഞാനം ആർജ്ജിക്കുന്നതിന്, വെന്തുവെണ്ണീറായ് തീരുന്നതിന്, ലോകം ദഹിപ്പിക്കുന്നതിന്)

h) അക്കർമാശി എന്ന പദവുമായി യോജിക്കാത്തതേത്?
(മഹാർ, അർധജാതി, മുഖ്യധാരയിൽ നില്ക്കുന്നവർ, പാർശ്വവൽക്കരിക്കപ്പെട്ടവർ)

i) തുഞ്ചത്തെഴുത്തച്ഛൻ ഏതു നൂറ്റാണ്ടിൽ ജീവിച്ചിരുന്നു എന്നാണ് വിശ്വസിക്കുന്നത്?
(14-ാം നൂറ്റാണ്ട്, 15-ാം നൂറ്റാണ്ട്, 16-ാം നൂറ്റാണ്ട്, 17-ാം നൂറ്റാണ്ട്)

j) കുടിയിരുപ്പുകൾ വിട്ട് നെടുവരമ്പത്തുകൂടെ വെള്ളായിയപ്പൻ നടന്നു കയറിയത് എവിടേക്ക്?
(തീവണ്ടിയാപ്പീസ്, വെട്ടുവഴി, ചവിട്ടടിപ്പാത, കടൽപ്പുറം)

**6. ഉത്തരമെഴുതുക. 24**

a) ജീവിതത്തിന്റെ നശ്വരത ബോധ്യപ്പെടുത്തുന്ന കാവ്യഭാഗമാണ് ലക്ഷ്മണോപദേശം - സമർത്ഥിക്കുക.

b) "ചവറുകൾക്കു പകരം തൂക്കിനോക്കേണ്ടത് ഞങ്ങളുടെ വിശപ്പാണെന്നെനിക്കു തോന്നി" - ആരുടെ? ഈ വാക്യത്തിന്റെ പൊരുൾ വിശദമാക്കുക.

c) വെള്ളായിയപ്പന്റെ ദുഃഖം ഗ്രാമത്തിന്റെ ദുഃഖമായി കഥാകൃത്ത് അവതരിപ്പിച്ചത് എങ്ങനെയെല്ലാം? വിശദീകരിക്കുക.

d) 'ക്രോധം പരിത്യജിക്കേണം ബുധജനം' - ഈ വാക്യത്തിന്റെ കാലിക പ്രസക്തി വിലയിരുത്തുക.

e) എന്റെ സത്യസന്ധത എനിക്കു നൽകിയ ആനന്ദം ആ മുപ്പതുരൂപയെക്കാൾ എത്രയോ വലുതായിരുന്നു. കഥാസന്ദർഭം വിശദമാക്കുക.

f) "രണ്ടു വാക്കുകൾ മാത്രം. രണ്ടു വാക്കുകൾക്കിടയ്ക്ക് സാന്ത്വനത്തിന്റെ നിറവ്." ഇത്തരം അർത്ഥപൂർണ്ണങ്ങളായ മൗനങ്ങളാണ് കടൽത്തീരത്ത് എന്ന കഥയെ പൂരിപ്പിക്കുന്നത്. വിശകലനം ചെയ്യുക.

**7. ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. 8**

a) സുബ്ബാ ജടാപാഠികളുമായുള്ള സംഗമം ചട്ടമ്പിയുടെ ജീവിതത്തിലെ പ്രധാന വഴിത്തിരിവായിരുന്നു. വിശദികരിക്കുക.

b) “ഒരു സാധാരണ പുരുഷനിൽനിന്ന് ആധ്യാത്മികതയുടെ പടവുകൾ കയറി ചട്ടമ്പിസ്വാമികൾ നടന്നുതീർത്തത് കേരളീയ നവോത്ഥാനത്തിലേക്കുള്ള പാതയാണ്“. വിലയിരുത്തുക.

c) “ജീവിതത്തിന്റെ നിഗൂഢമായ ഉള്ളറകളിലേക്കിറങ്ങിച്ചെന്ന് സാധാരണ മനുഷ്യർ അനുഭവിച്ചറിയാത്ത അമേയമായ ആനന്ദവും ഇന്ദ്രിയഗോചരമല്ലാത്ത സനാതന സത്യവും കണ്ടെത്തുകയായിരുന്നു അദ്ദേഹത്തിന്റെ ഏറ്റവും വലിയ ലക്ഷ്യം.” ആരുടെ? വിശകലനം ചെയ്യുക.